ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചൈനയിൽ ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയെ അഭിസംബോധന ചെയ്യും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും.

   **PM Modi to Address SCO Summit in China Today; PM to hold Bilateral Talks with Russian President Putin.**

2. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്ന് ദിവസത്തെ കർണാടക, തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം.

   **President Murmu on 3-Day Visit to Karnataka, Tamil Nadu from Today.**

3. പ്രളയക്കെടുതി നേരിടുന്ന ജമ്മുവിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് നേരിട്ട് വിലയിരുത്തും. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലെ

മഴക്കെടുതികൾ അവലോകനം ചെയ്യാൻ കേന്ദ്ര സംഘങ്ങൾ രൂപീകരിച്ച് ആഭ്യന്തര മന്ത്രാലയം.

**Union Home Minister Amit Shah to Assess Flood Situation in Jammu. Home Ministry Forms Central Teams to Assess Rain Damage in J&K, Himachal, Punjab, and Uttarakhand.**

4. **കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രണ്ടു പേർ മരിച്ചു. ജാഗ്രത തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

**Kerala Reports Two Deaths from Amoebic Meningoencephalitis ; CM Pinarayi Vijayan Calls for Caution.**

5. **ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെൻറിൽ ഇന്ത്യ ഇന്ന് കസാക്കിസ്ഥാനുമായി ഏറ്റുമുട്ടും.**

**India to Face Kazakhstan in Men’s Asia Cup Hockey Today.**

**&&&&&&&&&&&&&&&&&&**

## PM - SCO SUMMIT ( INTRO )

ചൈനയിലെ ടിയാൻജിനിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയുടെ പ്ലീനറി സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന്

അഭിസംബോധന ചെയ്യും. പ്രാദേശിക സഹകരണം മെച്ചപ്പെടുത്താനുള്ള ഇന്ത്യയുടെ സമീപനത്തെ ക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ടിയാൻജിനിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. തുടർന്ന് ശ്രീ മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തും. ഇന്ത്യയും ചൈനയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം പുനഃസ്ഥാപിക്കുന്നത് ലക്ഷ്യമിട്ട് പ്രധാനമന്ത്രി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഇന്നലെ വിപുലമായ ചർച്ചകൾ നടത്തി. അതിർത്തി പ്രദേശങ്ങളിൽ സമാധാനവും സമൃദ്ധിയും നിലനിർത്തേണ്ടതിന്റെ പ്രാധാന്യം പ്രധാനമന്ത്രി എടുത്തുപറഞ്ഞതായി വിദേശകാര്യ സെക്രട്ടറി പറഞ്ഞു. അതിർത്തി കടന്നുള്ള ഭീകരതയെ ചെറുക്കുന്നതിന് പരസ്പരം പിന്തുണ നൽകാനും ധാരണയായി. ഇന്ത്യയും ചൈനയും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തർക്കങ്ങളാക്കി മാറ്റാൻ അനുവദിക്കരുതെന്ന് ഇരു നേതാക്കളും അഭിപ്രായപ്പെട്ടതായി വിദേശകാര്യ സെക്രട്ടറി വ്യക്തമാക്കി.

( വോയിസ്..... )

&&&&&&&&&&&&&&&&&&

## PREZ – KARNATAKA

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്ന് ദിവസത്തെ കർണാടക, തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം. മൈസൂരുവിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെ വജ്രജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ ചെന്നൈയിൽ നടക്കുന്ന സിറ്റി യൂണിയൻ ബാങ്കിന്റെ 120-ാമത് സ്ഥാപക ദിനാഘോഷത്തിലും തുടർന്ന് തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**AMIT SHAH - J&K VISIT**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ജമ്മു സന്ദർശിക്കും. മേഘവിസ്ഫോടനങ്ങളും വെള്ളപ്പൊക്കവും മൂലമുണ്ടായ നാശനഷ്ടങ്ങളും മേഖലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളും അദ്ദേഹം അവലോകനം ചെയ്യും. ദുരിതബാധിത പ്രദേശങ്ങളിലെ പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങളുടെ പുനഃസ്ഥാപനം എന്നിവ സംബന്ധിച്ച് ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ശ്രീ ഷാ ചർച്ച ചെയ്യും. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളായ കത്വയും , കിഷ്ത്വാറും കേന്ദ്ര ആഭ്യന്തര മന്ത്രി സന്ദർശിക്കും.

&&&&&&&&&&&&&&&&&&

**MHA-IMCTS FLOOD**

ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലെ മഴക്കെടുതികൾ വിലയിരുത്തുന്നതിനായി

ആഭ്യന്തര മന്ത്രാലയം, അന്തർ-മന്ത്രിതല കേന്ദ്ര സംഘങ്ങൾ രൂപീകരിച്ചു. സംഘങ്ങൾ മേഖലയിലെ സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി സംസ്ഥാനങ്ങളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. ആഭ്യന്തര മന്ത്രാലയത്തിൽ നിന്നോ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നോ ഉള്ള ഒരു മുതിർന്ന ഉദ്യോഗസ്ഥൻ ഓരോ സംഘത്തെയും നയിക്കും. ദുരന്തബാധിത പ്രദേശങ്ങൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ടെന്ന് ആഭ്യന്തരമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**PM MAN KI BAAT-INTRO**

ഇന്ത്യൻ ഉൽപ്പന്നങ്ങളെ പിന്തുണച്ച് 'Vocal for Local' എന്ന ആശയം മുൻനിർത്തി ഉത്സവങ്ങൾ ആഘോഷിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൻ കി ബാത്ത് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സിവിൽ സർവീസ് പരീക്ഷയുടെ അന്തിമ പട്ടികയിൽ എത്താൻ കഴിയാത്ത, കഴിവുള്ള ഉദ്യോഗാർത്ഥികൾക്കായി ആവിഷ്കരിച്ച 'പ്രതിഭ സേതു ഡിജിറ്റൽ പ്ലാറ്റ്ഫോമിനെ കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. പ്രതിഭാ സേതു സംവിധാനം ഏറെ പ്രതീക്ഷ നൽകുന്നതാണെന്ന് സിവിൽ സർവീസ് ഉദ്യോഗാർത്ഥി മീനാക്ഷി ജയൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## AMOEBIC MENINGOENCEPHALITIS

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രണ്ടു പേർ മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരുന്ന മൂന്ന് മാസം പ്രായമുള്ള കുഞ്ഞും ഒരു സ്ത്രീയുമാണ് മരിച്ചത്. അമീബിക് മസ്തിഷ്ക ജ്വരത്തിൻ്റെ കാര്യത്തിൽ ജാഗ്രത തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കിണറുകളും വാട്ടർ ടാങ്കുകളും ഉൾപ്പെടെ ക്ലോറിനേറ്റ് ചെയ്യുന്നതിൽ എല്ലാവരും മുൻകൈയ്യെടുക്കണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

## CM – HUMAN WILDLIFE CONFLICT

കേരളത്തിൽ മനുഷ്യ - വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 45 ദിവസത്തെ വന്യജീവി ആക്രമണ ലഘൂകരണ തീവ്രയജ്ഞ പരിപാടിക്ക് തുടക്കമായി. മുപ്പതോളം പഞ്ചായത്തുകളിൽ തീവ്രമായ വന്യജീവി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പാക്കുക. സംസ്ഥാനതലത്തിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## TVPM-MEDICAL COLLEGE

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 180 ലധികം കോടി രൂപയുടെ 15 പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. വികസന പ്രവർത്തനങ്ങളിലൂടെ മെഡിക്കൽ കോളേജിൽ വലിയ മാറ്റം സാധ്യമാകുമെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## KANNUR-AIRPORT

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇന്ന് കൂടുതൽ ആഭ്യന്തര സർവീസുകൾക്ക് തുടക്കമാകും. എയർ ഇന്ത്യ എക്സ്പ്രസ് ഇന്ന് മുതൽ ബംഗളുരുവിലേക്ക് പുതിയ പ്രതിദിന സർവീസ് ആരംഭിക്കും. ഇൻഡിഗോ ഹൈദരാബാദ്-കണ്ണൂർ സെക്ടറിൽ ആഴ്ചയിൽ മൂന്ന് അധിക സർവീസ് നടത്തും. ഈ മാസം 15 മുതൽ ഡൽഹി-കണ്ണൂർ സർവ്വീസ് ദിവസേനയാക്കും.

&&&&&&&&&&&&&&&&&&

## SPECIAL TRAIN

പൂജ, ദീപാവലി, ഛാത്ത് ഉത്സവ വേളകളിലെ തിരക്ക് കണക്കിലെടുത്ത് തിരുവനന്തപുരം നോർത്ത് റയിൽവേ സ്റ്റേഷനിൽ നിന്ന് കൊൽക്കത്തയിലെ സാന്ദ്രഗച്ചി വരെ

രണ്ട് പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തി. സെപ്റ്റംബർ 5, 12, 19, 26, ഒക്ടോബർ 03, 10, 17 തീയതികളിൽ 4:20 ന് തിരുവനന്തപുരത്ത് നിന്ന് സർവീസ് ആരംഭിക്കും.

&&&&&&&&&&&&&&&&&&

## RIJIJU – INDIA GDP ( INTRO )

നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലുണ്ടായ 7.8 ശതമാനം ജിഡിപി വളർച്ചാ നിരക്ക് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മികച്ച നിലയിലാണ് എന്നതിന് തെളിവാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിലെ ഭഗവാൻ ബിർസ മുണ്ട ഭവനിൽ ബിർസ മുണ്ട പ്രതിമ അനാച്ഛാദനം ചെയ്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുക യായിരുന്നു അദ്ദേഹം. ഇന്ത്യയെ സ്വയം പര്യാപ്തമാക്കുന്നതിന്, മെയ്ക്ക് ഇൻ ഇന്ത്യ പ്രോത്സാഹിപ്പിക്കുകയും തദ്ദേശ ഉൽപ്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കുകയും ചെയ്യണമെന്ന് ശ്രീ റിജിജു പറഞ്ഞു.

( വോയിസ്....)

&&&&&&&&&&&&&&&&&&

## ASIA CUP HOCKEY

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെൻറിൽ ജപ്പാനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി, ഇന്ത്യ . ഇന്ത്യക്കായി മൻദീപ് സിംഗ് ഒന്നും ഹർമൻപ്രീത് സിംഗ് രണ്ടും ഗോളുകൾ നേടി. ഇന്ന്, ഇന്ത്യൻ സംഘം

കസാക്കിസ്ഥാനുമായി ഏറ്റുമുട്ടും. രാജ്ഗിർ ഇന്റർനാഷണൽ സ്പോർട്സ് സ്റ്റേഡിയത്തിൽ, രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

## AFC WOMENS CHAMPIONS LEAGUE

കംബോഡിയയിൽ നടക്കുന്ന എ.എഫ്.സി വനിതാ ചാമ്പ്യൻസ് ലീഗിന്റെ അവസാന ഗ്രൂപ്പ് ഇ പ്രിലിമിനറി സ്റ്റേജ് മത്സരത്തിൽ ഹോങ്കോങ്ങിന്റെ കിച്ചീ എസ്സിക്കെതിരെ ഈസ്റ്റ് ബംഗാൾ എഫ്സി യ്ക്ക് സമനില. വാശിയേറിയ പോരാട്ടത്തിൽ ഇരു ടീമുകളും ഓരോ ഗോൾവീതം നേടിയാണ് സമനില പാലിച്ചത്. ഒഡീഷ എഫ്സിക്ക് ശേഷം ടൂർണമെന്റിന്റെ പ്രധാന ഡ്രോയിലേക്ക് മുന്നേറുന്ന രണ്ടാമത്തെ ഇന്ത്യൻ ടീമാണ് ഈസ്റ്റ് ബംഗാൾ.

&&&&&&&&&&&&&&&&&&

## IMD – WEATHER

ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഛത്തീസ്ഗഡ്, ആന്ധ്രാപ്രദേശ്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ തുടങ്ങിയ ഇടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിലും ഒറ്റപ്പെട്ട ഇടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യത.

&&&&&&&&&&&&&&&&&&

## COMMERCIAL LPG PRICE REDUCED

രാജ്യത്ത് വാണിജ്യാവശ്യങ്ങൾക്കുള്ള പാചക വാതകത്തിന്റെ വില കുറച്ചു. സിലിണ്ടറിന് 51 രൂപ 50 പൈസയാണ് കുറച്ചിട്ടുള്ളത്. ഇതേത്തുടർന്ന് ഡൽഹിയിൽ 19 കിലോഗ്രാം വാണിജ്യ എൽപിജി സിലിണ്ടർ ഇനി 1,580 രൂപയ്ക്ക് ലഭ്യമാകും. ആഗോള ക്രൂഡ് ഓയിൽ വിലയും മറ്റ് വിപണി ഘടകങ്ങളും അടിസ്ഥാനമാക്കിയുള്ള പതിവ് പ്രതിമാസ പരിഷ്കരണങ്ങളുടെ ഭാഗമാണ് വില ക്രമീകരണം.

&&&&&&&&&&&&&&&&&&

## MANDAVIYA-CERTIFICATES

സ്കൗട്ട്സ്, ഗൈഡ്സ്, റോവേഴ്സ്, റേഞ്ചേഴ്സ് എന്നീ വിഭാഗങ്ങളിലെ രാഷ്ട്രപതി പുരസ്കാര ജേതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ സമ്മാനിച്ചു. 2016 ലെയും 2018 മുതൽ 2021 വരെയുമുള്ള 400 ഓളം സർട്ടിഫിക്കറ്റുകൾ അദ്ദേഹം വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&

## AYUSH- SUMMIT

കേന്ദ്ര ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ ഈ മാസം 3, 4 തീയതികളിൽ ആയുഷ് ദൗത്യവും ശേഷി വികസനവും സംബന്ധിച്ച വകുപ്പുതല ഉച്ചകോടി സംഘടിപ്പിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ഉച്ചകോടിയിൽ കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാദവ് അധ്യക്ഷത വഹിക്കും. ദേശീയ ആയുഷ് മിഷൻ ശക്തിപ്പെടുത്തുക,

സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തമ്മിലുള്ള സഹകരണം വളർത്തുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&